"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ബഹു.എറണാകുളം സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം 328/06 ലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.955/2025/PWD തിരുവനന്തപുരം,തീയതി, 28-06-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.1346/2016/PWD തീയതി 30.09.2016
2. സഉ(അച്ചടി)32/2019/ധന തീയതി 18.03.2019
3. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 22-02-25, 06.06.2025 എന്നീ തീയതികളിലെ CEPWD/3528/2025-C3(F)-NH നം. കത്ത്.

**<u>ഉത്തരവ്</u>**

ബഹു.എറണാകുളം സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം.328/06 ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത കേസ് തീർപ്പാക്കുന്നതിലേയ്ക്കായി പരാമർശം 1 പ്രകാരം 16,81,590/- രൂപ അനുവദിച്ചിരുന്നു. ഈ കേസിൽ കോടതി നിർദ്ദേശപ്രകാരം CIAL ൽ നിന്ന് ജപ്തി ചെയ്ത 10,63,484/- രൂപ റീകൂപ്പ് ചെയ്യാൻ തുക അനുവദിക്കണം പരാമർശിത കത്ത് പ്രകാരം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ബഹു.എറണാകുളം സബ്കോടതിയുടെ എൽ.എ.ആർ 328/06 കേസിൽ കോടതി ഉത്തരവ് പ്രകാരം CIAL ൽ നിന്ന് ജപ്തി ചെയ്ത തുക റീകൂപ്പ് ചെയ്യുന്നതിനായി 10,63,484/- രൂപ (പത്ത് ലക്ഷത്തി അറുപത്തിമൂന്നായിരത്തി നാനൂറ്റി എൺപത്തിനാല് രൂപ മാത്രം) യുടെ

ഭരണാനുമതി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3.പ്രസ്തുത തുക 2025-26 സാമ്പത്തിക വർഷത്തിൽ '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീദേവി ഇ എസ്

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.

എക്സി.എഞ്ചിനീയർ (ദേശീയപാതാ)പൊതുമരാമത്ത് വകുപ്പ്, മൂവാറ്റുപുഴ

ജില്ലാകളക്ടർ, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by

Chithra G S

Date: 28-06-2025 15:05:00

സെക്ഷൻ ഓഫീസർ